# കേരളസർവകലാശാല

നം.പി.ആർ.176/2022

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2021 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. ഇംഗ്ലീഷ് ലാംഗേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ആഗസ്റ്റ് 29 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാല 2022 ആഗസ്റ്റ് 16 ന് നടത്താനിരുന്നതും മാറ്റിവച്ചതുമായ നാലാം സെമസ്റ്റർ എം.എ./എം.എസ്സി./എം.കോം./എം.എസ്.ഡബ്ല്യൂ./എം.എ.എച്ച്.ആർ.എം./എം.എം.സി.ജെ. ഡിഗ്രി പരീക്ഷകൾ ആഗസ്റ്റ് 24 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. പരീക്ഷാകേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല.

### ടൈംടേബിൾ

കേരളസർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ എം.സി.എ. (2015 സ്കീം – റെഗുലർ & സപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷ ആഗസ്റ്റ് 29, 30 തീയതികളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ആഗസ്റ്റ് 23 ന് ആരംഭിക്കുന്ന ജർമ്മൻ A1 (ഡ്യൂഷ് A1) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

കേരളസർവകലാശാല 2022 സെപ്റ്റംബറിൽ ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ പഞ്ചവത്സര എം.ബി.എ. (ഇന്റഗ്രേറ്റഡ്) (2015 സ്കീം – റെഗുലർ – 2021 അഡ്മിഷൻ) പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പിഴകൂടാതെ ആഗസ്റ്റ് 29 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 1 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 3 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ് – പുതുക്കിയ തീയതി

കേരളസർവകലാശാല 2022 സെപ്റ്റംബറിൽ നടത്തുന്ന എം.എ. ഇംഗ്ലീഷ്, എം.എസ്സി. മൈക്രോബയോളജി (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2018 & 2019 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴകൂടാതെ ആഗസ്റ്റ് 23 വരെയും 150 രൂപ പിഴയോടെ ആഗസ്റ്റ് 25 വരെയും 400 രൂപ പിഴയോടെ ആഗസ്റ്റ് 26 വരെയും അപേക്ഷിക്കാം.

### എം.എസ്.ഡബ്ല്യൂ., എം.എസ്.ഡബ്ല്യൂ.(ഡി.എം.), എം.എ.എച്ച്.ആർ.എം. – കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലേക്കുള്ള എം.എസ്.ഡബ്ല്യൂ., എം.എസ്.ഡബ്ല്യൂ.(ഡി.എം.), എം.എ.എച്ച്.ആർ.എം. കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷയ്ക്ക്

ഓൺലൈനായി ആഗസ്റ്റ് 22 മുതൽ http://www.admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് മുഖാന്തരം അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സീറ്റ് ഒഴിവ്

കേരളസർവകലാശാലയുടെ പഠനവഗവേഷണ വകുപ്പുകളിൽ എം.എ. റഷ്യൻ, ജർമൻ , ഇസ്ലാമിക് ഹിസ്റ്ററി, വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ്, ഹിന്ദി, ലിംഗ്വിസ്റ്റിക്സ്, അറബിക്, സംസ്കൃതം, ഫിലോസഫി, എം.എസ്സി. ഡെമോഗ്രഫി, സ്റ്റാറ്റിസ്റ്റിക്സ്, അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ്, ഡാറ്റ സയൻസ്, കമ്പ്യൂട്ടർ സയൻസ്, കമ്പ്യൂട്ടർ സയൻസ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ AI, കംപ്യൂട്ടേഷണൽ ബയോളജി, എം.ടെക്. കമ്പ്യൂട്ടർ സയൻസ്, ഒപ്റ്റോ ഇലക്ട്രോണിക്സ്, ടെക്നോളജി മാനേജ്മന്റ് എന്നീ പ്രോഗ്രാമുകൾക്ക് 2022 –24 ബാച്ച് അഡ്മിഷനു SC, ST സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ആഗസ്റ്റ് 22 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

കേരളസർവകലാശാലയുടെ പഠനഗവേഷണ വകുപ്പുകളിൽ എം.എസ്സി. ആക്ച്വൂരിയൽ സയൻസ്, മാത്തമാറ്റിക്സ് വിത്ത് ഫിനാൻസ് ആന്റ് കംപ്യൂട്ടേഷൻ, ഇലക്ട്രോണിക്സ്, എം.കോം. ബ്ലൂ ഇക്കോണമി ആന്റ് മാരിടൈം ലോ എന്നീ പ്രോഗ്രാമുകൾക്ക് 2022 –24 ബാച്ച് അഡ്മിഷന് SC സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ആഗസ്റ്റ് 22 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

കേരളസർവകലാശാലയുടെ പഠനഗവേഷണ വകുപ്പുകളിൽ എം.എ. ഫിനാൻഷ്യൽ ഇക്കണോമിക്സ്, തമിഴ്, പൊളിറ്റിക്സ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് ഡിപ്ലോമസി, മലയാളം, മ്യൂസിക്, മലയാളസാഹിത്യവും കേരളപഠനങ്ങളും, എം.എസ്സി. ജിയോളജി, കെമിസ്ട്രി, ഇന്റഗ്രേറ്റീവ് ബയോളജി, മാത്തമാറ്റിക്സ്, ഫിസിക്സ്, എൽ.എൽ.എം., എം.കോം. ഗ്ലോബൽ ബിസിനസ് ഓപ്പറേഷൻസ് എന്നീ പ്രോഗ്രാമുകൾക്ക് 2022 – 24 ബാച്ച് അഡ്മിഷനു ST സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ആഗസ്റ്റ് 22 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ് .

കേരളസർവകലാശാല സ്റ്റഡി ആന്റ് റിസർച്ച് സെന്റർ ആലപ്പുഴയിൽ എം.കോം. റൂറൽ മാനേജ്മെന്റ് പ്രോഗ്രാമിന് 2022 അഡ്മിഷന് SC , ST സീറ്റുകൾ ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർഥികൾ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ആഗസ്റ്റ് 22 ന് രാവിലെ 11 മണിക്ക് സെന്ററിൽ നേരിട്ട് ഹാജരാകണം . വിശദവിവരങ്ങൾക്ക്: 0477 – 2266245

## ഡിപ്ലോമ ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക് – സീറ്റ് ഒഴിവ്

കേരളസർവകലാശാല അറബി വിഭാഗം നടത്തിവരുന്ന ഡിപ്ലോമ ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക് അഞ്ചാം ബാച്ചിലേക്ക് ഏതാനും സീറ്റ് ഒഴിവുണ്ട്. താൽപ്പര്യമുള്ളവർ ആഗസ്ത് 30 ന് മുമ്പായി നിർദ്ദിഷ്ട അപേക്ഷ ഫോമിൽ അപേക്ഷിക്കുക. ഓൺലൈൻ ആയിട്ടാണ് കോഴ്സ് നടക്കുന്നത്. വിശദ വിവരങ്ങൾ www.arabicku.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0471 2308846, 9562722485

തിരുവനന്തപുരം,
20.08.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**